Circular No: SBV 10 /2014-16

# സമസ്ത കേരള സുന്നി ബാലവേദി

(Under: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ)

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 9287274809, 0494 2400530, 2400749

***സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് സുന്നി ബാലവേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ ഭാരവാഹികളെ അറിയിക്കുന്നത്.***

മാന്യരെ, അസ്സലാമു അലൈക്കും.

കേരളത്തിലെ ആധികാരിക മതസംഘനടയായ സമസ്ത:യുടെ കീഴിൽ കേരളത്തിലും പുറത്തും സ്തുത്യർഹമായി പ്രവർത്തിച്ചുവരുന്ന മദ്റസകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പുസ്തക പഠനത്തിന് പുറമെ അവരുടെ സർഗവാസനകളെയും നിർമാണാത്മകമായ കഴിവുകളെയും തിരിച്ചറിഞ്ഞ് അവ വികസിപ്പിക്കാനും പ്രയോഗവത്കരിക്കാനും അതുവഴി ദീനിനും സമൂഹത്തിന് മൊത്തത്തിലും അതിന്റെ പ്രയോജനം എത്തിക്കുക എന്ന അതിമഹത്തായ ലക്ഷ്യം മുൻനിർത്തി സമസ്ത കേരള സുന്നി ബാലവേദി കർമ പഥത്തിൽ കൂടുതൽ സജീവമായി പ്രവർത്തിച്ചുവരികയാണ്.

**1. ജലദിനകാമ്പയിൻ**

ലോകജലദിനമായ മാർച്ച് 22 നോടനുബന്ധിച്ച് ജലദിന കാമ്പയിൻ (മാർച്ച് 22 – മെയ് 22) ആചരിക്കുവാനും മാർച്ച് 22–ന് സംസ്ഥാനമൊട്ടുക്കും പുറത്തുമുള്ള നമ്മുടെ മദ്റസകളിൽ താഴെ പറയുന്ന പ്രകാരം തണ്ണീർപന്തൽ, ജലദിനപ്രതിജ്ഞ, പോസ്റ്റർ പ്രദർശനം എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

* **തണ്ണീർപന്തൽ:** പൊതുസ്ഥലങ്ങൾ, ബസ്സ്റ്റോപ്പുകൾ എന്നിവ കേന്ദ്രീകരിച്ച് മുള, ഓല (പ്ലാസ്റ്റിക് ഉപകരണങ്ങൾ കർശനമായി വർജ്ജിക്കുക) എന്നിവ ഉപയോഗിച്ച് തണ്ണീർപന്തലുകൾ സ്ഥാപിക്കുക. ഇതിന്റെ നടുവിലായി അൽപം ഉയരത്തിൽ ഏതാണ്ട് പത്ത് ലിറ്ററെങ്കിലും വെള്ളം കൊള്ളാവുന്ന ഒരു കൂജയും വെള്ളം ഒഴിച്ചുകുടിക്കുവാനുള്ള ഗ്ലാസും സ്ഥാപിക്കുകയും വെള്ളം തീരുന്നതിനനുസരിച്ച് ശുദ്ധമായ വെള്ളം സംഭരിച്ചുവെക്കാനുള്ള സംവിധാനവും ഒരുക്കുക. വെള്ളം കേട് വരാതെ സൂക്ഷിക്കണം. ഇതിനായി അടിഭാഗത്ത് ടാപ്പ് ഘടിപ്പിച്ചിട്ടുള്ള കൂജ ഉപയോഗിക്കാവുന്നതാണ്. ചുരുങ്ങിയത് രണ്ട് മാസമെങ്കിലും (ഏപ്രിൽ, മെയ്) ഇത് നിലനിർത്തേണ്ടതാണ്.

* **ജലദിന പ്രതിജ്ഞ:** രാവിലെ മദ്റസ ആരംഭിക്കുന്നതിന് മുമ്പായി അസംബ്ലി വിളിച്ചുചേർക്കുകയും ഒരധ്യാപകൻ അല്ലെങ്കിൽ വിദ്യാർത്ഥിയെകൊണ്ട് ജലത്തിന്റെ പ്രാധാന്യവും അത് ദുരുപയോഗം ചെയ്താലുള്ള ഭവിഷ്യത്തുകളും മതപരമായും സാമൂഹ്യമായും അതെങ്ങനെ ബാധിക്കുന്നു എന്നിവ ഉൾകൊള്ളിച്ചുകൊണ്ട് ഹ്രസ്വമായ ഒരു പ്രഭാഷണം നടത്തുകയും തുടർന്ന് താഴെ പറയുന്ന പ്രതിജ്ഞ മദ്റസാ ലീഡർ ചൊല്ലിക്കൊടുക്കുകയും മറ്റുള്ളവർ ഏറ്റുചൊല്ലുകയും ചെയ്യുക.

***പ്രതിജ്ഞ: ജലം നമ്മുടെ സമ്പത്താണ്. അതിനാൽ നാം അതിനെ വിലമതിക്കുന്നു. ജലത്തിന്റെ അമിതമായ ഉപയോഗവും മഴയുടെ കുറവും വനനശീകരണവും മൂലം ജലത്തിന്റെ അളവ് വൻതോതിൽ കുറയുന്ന ഈ സാഹചര്യത്തിൽ ജലസമ്പത്ത് സംരക്ഷിക്കാൻ നാം പോരാടുമെന്നും നമ്മളാൽ കഴിയുന്ന സഹായസഹകരണങ്ങൾ നൽകുമെന്നും മറ്റുള്ളവരെ ഉത്ബുദ്ധരാക്കാനുള്ള ശ്രമങ്ങളിൽ ഏർപെടുകയും ചെയ്യും. വൻതോതിലുള്ള ജലമലിനീകരണവും വന നശീകരണവും ഒരുപരിധിവരെ നിയന്ത്രിക്കുവാനും പരിഹരിക്കുവാനും ശ്രമിക്കും. ഉപയോഗത്തിൽ മിതത്വം പാലിക്കും. ലോകജലദിനമായി ആചരിക്കുന്ന ഈ വേളയിൽ അതിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും മനസ്സിലാക്കി മേൽപറഞ്ഞ കാര്യങ്ങൾ ഉൾകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുമെന്നും ഞാൻ പ്രതിജ്ഞയെടുക്കുന്നു.***

* **പോസ്റ്റർ പ്രദർശനം:** ജലത്തിന്റെ പ്രാധാന്യവും അതുപയോഗിക്കേണ്ട രീതിയും മറ്റും പ്രതിപാദിക്കുന്ന താഴെ പറയുന്ന വാക്യങ്ങൾ ഒരു ആർട്ട് പേപ്പറിൽ (ഫ്ളക്സ് ബോർഡ് ഉപേക്ഷിക്കുക) വൃത്തിയായി എഴുതി മദ്റസാപരിസരത്തും അങ്ങാടികളിലും മറ്റ് ആളുകൾ കൂടുന്ന സ്ഥലങ്ങളിലും സൗകര്യപ്രദമായ രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

**വാകൃങ്ങൾ:**

* **നിറഞ്ഞുതുളുമ്പുന്ന പുഴയിൽ നിന്നും വുളൂഅ് ചെയ്യുകയാണെങ്കിലും മിതത്വം പാലിക്കുക. (മുഹമ്മദ് നബി)**

* **പ്രകൃതിസംരക്ഷണവും ജലസംരക്ഷണവും വിശ്വാസത്തിന്റെ ഭാഗമാണ്. വിശ്വാസസംരക്ഷണം അനിവാര്യം.**

* **ജലം അമൂല്യമാണ്. അത് പാഴാക്കരുത്....**

* **ദാഹിച്ചുനിൽക്കുന്ന നായക്ക് വെള്ളം നൽകിയ വേശ്യസ്ത്രീ സ്വർഗാവകാശിയത്രെ..!**

* പാഴായിപ്പോകുന്ന ഓരോ തുള്ളി ജലത്തിന്നും വില പറയാനാവില്ല... അത് തിരിച്ചുകൊണ്ടുവരുവാനും...
* ദാഹിച്ച് നിൽക്കുന്ന മനുഷ്യന് ഒരു ചാക്ക് സ്വർണ്ണത്തേക്കാൾ വലുതാണ് ജലം.
* മരവും വനവും സംരക്ഷിക്കുക. അതുവഴി മഴയും ജലവും സംരക്ഷിക്കപ്പെടും...
* ഇനിയൊരു മഹായുദ്ധമുണ്ടായാൽ അത് ദാഹജലത്തിന് വേണ്ടിയായേക്കാം.
* ജലാശയത്തിലേക്ക് വലിച്ചെറിയുന്ന മാലിന്യത്തോടൊപ്പം നാം വലിച്ചെറിയുന്നത് നമ്മുടെ ജീവിതത്തെ കൂടിയാണ്.
* ഈ ഭൂമിയും അതിലുള്ളതുമെല്ലാം ഭാവിതലമുറക്കുകൂടി അവകാശപ്പെട്ടതാണ്; അവ സംരക്ഷിക്കുക.
* മഴവെള്ളം; ഭാവി കുടിവെള്ളം...
* അനാവശ്യമായി ജലം പാഴാക്കുമ്പോൾ ഓർക്കുക. ലോകത്ത് ദിനംപ്രതി ദാഹിച്ച് മരണപ്പെടുന്നവർ അനവധിയാണ്.

**2. സമ്മർ കാമ്പയിൻ**

പഠനത്തിനും പരീക്ഷകൾക്കും വിരാമമിട്ട് അവധിക്കാലമെത്തിക്കഴിഞ്ഞു. ഈ രണ്ട് മാസക്കാലയളവിൽ വ്യക്തമായ ദിശാബോധത്തിലൂടെ നമ്മുടെ വിദ്യാർത്ഥികളെ നയിക്കേണ്ടതുണ്ട്. ആയതിനാൽ ഈ കാലയളവിൽ സംഘടന 'ശാമിയാന' (shamiyaana) എന്ന പ്രമേയത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ സമ്മർ കാമ്പയിൻ ആചരിക്കുകയാണ്.

*** സംസ്ഥാനതലം: ഏപ്രിൽ 1 – 10**

സംസ്ഥാന കൗൺസിൽ മെമ്പർമാരെ ഉൾകൊള്ളിച്ച് ശിൽപശാല സംഘടിപ്പിക്കുക. അതിലൂടെ സംഘടനയുടെ തുടക്കം, ലക്ഷ്യം, സംഘടനാ രീതിശാസ്ത്രം, പ്രസംഗകല, കരിയർ ഗൈഡൻസ് തുടങ്ങിയ വിഷയങ്ങളിൽ ട്രൈനിങ് നൽകി കരുത്തുറ്റ നേതൃനിരയെ സൃഷ്ടിക്കുക.

*** ജില്ലാതലം: ഏപ്രിൽ 11 – 20**

സംസ്ഥാന നേതൃശിൽപശാലയിൽ ട്രൈനിങ് നേടിയവരെ കൊണ്ട് ക്ലാസ് നൽകുക.

*** റെയ്ഞ്ച്തലം: ഏപ്രിൽ 21 – മെയ് 5**

പ്രതിനിധി സമ്മേളനം, കരിയർ ഗൈഡൻസ് ക്ലാസ് (എസ്.എസ്.എൽ.സി, പ്ലസ്ടു) എന്നിവ നൽകുക.

*** ശാഖാതലം: മെയ് 5 – 30**

യൂണിറ്റ് സമ്മേളനം (കലാവിരുന്ന്, പ്രമേയപ്രഭാഷണം, മജ്ലിസുന്നൂർ, പ്രതിഭകളെ ആദരിക്കൽ തുടങ്ങിയവ) നടത്തുക.

മേൽപറയപ്പെട്ട പരിപാടികൾ സമയബന്ധിതമായി നടത്തി റിപ്പോർട്ട് സംസ്ഥാന കമ്മിറ്റി ഓഫീസിലേക്ക് അയക്കേണ്ടതാണ്. നാഥൻ നമ്മുടെ പ്രവർത്തനങ്ങൾ സ്വീകരിക്കട്ടെ.

എന്ന്

ചേളാരി
15-03-2016

ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി

NB: ഈ സർക്കുലർ ലഭിച്ചാൽ ഉടനെ അതാത് റെയ്ഞ്ചിൽപെട്ട എല്ലാ മദ്റസകൾക്കും എത്തിക്കേണ്ടതാണ്.